# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4125 16.03.2017 -ലെ മറുപടി

## കുട്ടനാട്ടിലെ തോടുകൾ ആഴം കൂട്ടാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട്ടിലെ തോടുകൾ ആഴം കൂട്ടാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) യും (ബി) യും | കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ ഭാഗമായുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനും അനുബന്ധ പ്രവൃത്തികൾക്കും തോടുകളിൽ നിന്നും ചെളിയെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായും തോടുകളുടെ ആഴം കൂടി ജലലഭ്യത കൂടും. കൂടാതെ ആലപ്പുഴ, ചങ്ങനാശ്ശേരി റോഡിനു സമാന്തരമായുള്ള എ.സി കനാൽ തടസ്സങ്ങൾ നീക്കി വിപുലീകരിക്കുന്ന പദ്ധതികളുടെ ഒന്നാം ഘട്ടമായ മനയ്ക്കൽ ചിറ മുതൽ ഒന്നാം കര വരെ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) തോടുകൾ ആഴം കൂട്ടി, കൃഷിക്ക് ജല ലഭ്യത ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ